# INDIAN SCHOOL AL WADI AL KABIR
## MID TERM EXAMINATION 2023- 24
## CLASS X, MALAYALAM (CODE-012)
## മലയാളം

**Time Allowed: 3 Hours** **Maximum Marks: 80**

അനുവദിച്ച സമയം : 3 മണിക്കൂർ ആകെ മാർക്ക് : 80

**Date: 17-09-2023**

---

- Please check that this question paper contains 9 printed pages.
- Please check that this question paper contains 8 questions.
- This question paper is divided into **two** sections:
  Section A: Reading Comprehension (V.S.A.Q), Vocabulary Building & Prose & Poetry (M.C.Q) – 40 Marks
  Section B: Grammar, Composition, Literature (Prose, Poetry & Supplementary) – 40 Marks.
- **Please write down the Serial Number of the question before attempting it.**

---

## എ വിഭാഗം / SECTION : A

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം ) (8x1=8)**

രവീന്ദ്രനാഥ ടാഗോർ 1861 മെയ് മാസം ഏഴാം തീയതി കൽക്കത്തയിൽ ജനിച്ചു. നോവൽ, ചെറുകഥ, നാടകം എന്നീ സാഹിത്യ ശാഖകളിലും ഗാനസാഹിത്യ ശാഖകളിലും അദ്ദേഹം ഒരു വഴിത്തിരിവ് തുടങ്ങിവച്ചു. നാടകകൃത്ത്, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, ഗാനരചയിതാവ്, വിദ്യാഭ്യാസ ചിന്തകൻ, തത്ത്വചിന്തകൻ എന്നീ നിലകളിലും അഗ്രഗണ്യനാണ് അദ്ദേഹം. ഇന്ത്യക്ക് ആദ്യമായി നോബൽ സമ്മാനം നേടിക്കൊടുത്ത മഹാകവിയാണ് രവീന്ദ്രനാഥ ടാഗോർ. ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമന രചിച്ചതും ടാഗോർ തന്നെ. 1910-ൽ പ്രസിദ്ധീകൃതമായ ഗീതാഞ്ജലി എന്ന ബംഗാളി കാവ്യം 1912-ൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. ഈ കാവ്യത്തിന്റെ പേരിലാണ് അദ്ദേഹത്തിന് 1913-ൽ നോബൽ സമ്മാനം നൽകപ്പെട്ടത്. അക്കൊല്ലം ഇംഗ്ലണ്ടിലും അമേരിക്കയിലും അദ്ദേഹം പര്യടനം നടത്തി. കൽക്കത്ത യൂണിവേഴ്സിറ്റി അദ്ദേഹത്തിന് ഡോക്ടറേറ്റ് നൽകി ആദരിച്ചു. 1921-ൽ ഭാരതീയ

സംസ്കാരവും മറ്റു വിഷയങ്ങളും പഠിപ്പിക്കാനായി ടാഗോർ വിശ്വഭാരതി സ്ഥാപിച്ചു. സ്വന്തം ഗാനങ്ങൾക്ക് സംഗീതരൂപം നൽകിയ അദ്ദേഹം രവീന്ദ്രസംഗീതം എന്ന പേരിൽ ഇന്നറിയപ്പെടുന്ന സംഗീത ശാഖയ്ക്ക് തുടക്കം കുറിച്ചു. ടാഗോറിന്റെ ഗീതാഞ്ജലി, സന്ധ്യാസംഗീതം, പ്രഭാതസംഗീതം, മാനസി, ഗാർഡനർ തുടങ്ങിയ കാവ്യകൃതികളും ഗോരം, കപ്പൽചേതം, വീട്ടിലും പുറത്തും തുടങ്ങിയ നോവലുകളും വാല്മീകി പ്രതിഭ, പോസ്റ്റാഫീസ് തുടങ്ങിയ നാടകങ്ങളും കാബൂളിവാല, പോസ്റ്റ്മാസ്റ്റർ മുതലായ ചെറുകഥാ സമാഹാരങ്ങളും വിശ്വപരിചയ്, ജീവൻസ്മൃതി തുടങ്ങിയ ഗദ്യപ്രബന്ധങ്ങളും ഭാരതീയ  സാഹിത്യത്തിന്റെ മുതൽക്കൂട്ടുകളായി അവശേഷിക്കുന്നു. പ്രശസ്ത സംഗീതജ്ഞനായിരുന്ന ജഗദീഷ് ചന്ദ്രബോസ് ടാഗോറിന്റെ ഉറ്റ സുഹൃത്തുക്കളിൽ ഒരാളായിരുന്നു. ഗാന്ധിജിക്ക് മഹാത്മാ എന്ന ബഹുമതി ചാർത്തിക്കൊടുത്തത് ടാഗോർ ആണ്. പരിസ്ഥിതിപ്രശ്നങ്ങളിൽ അദ്ദേഹം വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ക്രാന്തദർശിയായ അദ്ദേഹം വനമഹോത്സവം ആരംഭിച്ചത്. 1941 ഓഗസ്റ്റ് 7 -ന് ടാഗോർ അന്തരിച്ചു.

<u>ചോദ്യങ്ങൾ</u>:

(a) രവീന്ദ്രനാഥ ടാഗോറിന് ഡോക്ടറേറ്റ് നൽകി ആദരിച്ചത് ഏത് യൂണിവേഴ്സിറ്റിയാണ്?

(b) പോസ്റ്റ് മാസ്റ്റർ എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

(c) ടാഗോറിന്റെ ഉറ്റ സുഹൃത്തായിരുന്ന ജഗദീഷ് ചന്ദ്രബോസിന്റെ പ്രവർത്തന മേഖല ഏതായിരുന്നു?

(d) ടാഗോറിന്റെ ഗദ്യപ്രബന്ധങ്ങൾക്ക് ഒരുദാഹരണം ഏത്?

(e) 1921-ൽ ടാഗോർ സ്ഥാപിച്ച അറിവിന്റെ കേന്ദ്രം ഏതു പേരിലാണ് അറിയപ്പെട്ടത്?

(f) പരിസ്ഥിതി പ്രശ്നങ്ങളിൽ ടാഗോർ വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു എന്നതിനുള്ള തെളിവ് എന്ത്?

(g) ടാഗോറിന് നോബൽ സമ്മാനം നേടിക്കൊടുത്ത കൃതി ഏത്?

(h) ടാഗോർ ആരംഭിച്ച സംഗീതശാഖയുടെ പേരെന്ത്?

**2. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച്  ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം )** **(7x1=7)**

സ്വാഭാവിക വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ലോകജനതയ്ക്ക് മുന്നിൽ അവതരിപ്പിക്കുക

എന്ന ലക്ഷ്യത്തോടെയാണ് യു.എൻ.പൊതുസഭ 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ തീരുമാനിച്ചത്. വനങ്ങളുടെ സന്തുലിത വികസനം, സംരക്ഷണം, പരിപാലനം എന്നിവയാണ് യു.എൻ. ആഹ്വാനം ചെയ്യുന്നത്. വനങ്ങൾ ജനങ്ങൾക്ക് എന്നതാണ് ഇതിന്റെ മുദ്രാവാക്യം. വനങ്ങൾ ജനങ്ങൾക്ക് ആശ്രയമാകുന്നു; ജൈവവൈവിധ്യം നിലനിർത്തുന്നു. ഭക്ഷണം, മരുന്ന്, കുടിവെള്ളം എന്നിവയുടെ സ്രോതസ്സാകുന്നു. ആഗോള കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ലോകത്ത് മനുഷ്യന്റെ നിലനിൽപ്പിനും ക്ഷേമത്തിനും വനങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്ന് കാണാം. ഇതാണ് അന്താരാഷ്ട്ര വനവർഷത്തിൽ ഐക്യരാഷ്ട്രസഭ നൽകുന്ന സന്ദേശം. ലോകബാങ്ക് കണക്കു പ്രകാരം 1.6 ബില്യൺ ജനങ്ങളാണ് ലോകത്താകമാനം വനത്തെ ആശ്രയിച്ച് ജീവിക്കുന്നത്. ആഗോളതലത്തിൽ പക്ഷികളിൽ മൂന്നിലൊന്നും വനപ്രദേശത്തെ ആശ്രയിക്കുന്നു. 31 ശതമാനം വരുന്ന വനപ്രദേശമാണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്.

ചോദ്യങ്ങൾ:

(a) അന്താരാഷ്ട്ര വനവർഷം ആചരിക്കാൻ തീരുമാനിച്ചത് ആര്?
(b) അന്താരാഷ്ട്ര വനവർഷത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു?
(c) യു. എൻ. ആഹ്വാനം ചെയ്യുന്നത് എന്ത്?
(d) വനങ്ങൾ നിലനിർത്തുന്നത് എന്ത്?
(e) വനങ്ങൾ എന്തിന്റെയെല്ലാം സ്രോതസ്സാണ്?
(f) ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന വനപ്രദേശം എത്ര ശതമാനമാണ് ?
(g) ലോകത്താകമാനം 1.6 ബില്യൺ ജനങ്ങൾ വനത്തെ ആശ്രയിച്ച് ജീവിക്കുന്നു എന്നുള്ളത് ആരുടെ കണക്കാണ് ?

**3. താഴെ കൊടുത്തിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം ) (7x1=7)**

(a) കാറ്റ് എന്ന പദത്തിന്റെ പര്യായപദം ഏതാണ് ?

(a) കേദാരം (b) ഉഷസ്സ്
(c) വായു (d) ഖഗം

(b) മേധാവി എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(a) മേധ (b) മേധാവിനി

(c) മേധാവിത്തി (d) മേധാവിച്ചി

(c) ദിഷ്ടം എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(a) ഭാഗ്യം (b) വെയിൽ

(c) സ്വർഗ്ഗം (d) ഭംഗി

(d) പ്രാണി - പാണി എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?

(a) മൃഗം - കൃതി (b) കഴുത്ത് - നെറ്റി

(c) രൂപം - ഇപ്പോൾ (d) ജീവി - കൈ

(e) മർത്ത്യജന്മം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(a) മർത്ത്യരും ജന്മവും (b) മർത്ത്യന്റെ ജന്മം

(c) ജന്മത്തിലെ മർത്ത്യൻ (d) മർത്ത്യൻ മൂലമുള്ള ജന്മം

(f) പൂരം എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഏത്?

(a) കൂട്ടം (b) നിറവ്

(c) ഒരു നക്ഷത്രം (d) ഉറക്കം

(g) ദ്രോണരുടെ പുത്രൻ എന്നതിന്റെ ഒറ്റപ്പദം ഏത്?

(a) ദ്രുപദൻ (b) ദ്രൗപദി

(c) ദ്രൗണി (d) അദ്രുപൻ

(h) കോപാശ്രു എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?

(a) കോ + അശ്രു (b) കോപം + ശ്രു

(c) കോപ: + ശ്രു (d) കോപ + അശ്രു

(i) സുകൃതം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

(a) കൃതം (b) അകൃതം

(c) വികൃതം (d) ദുഷ്കൃതം

(j) ശരിയായ പദം കണ്ടെത്തി എഴുതുക

(a) വിഘ്നം (b) വിഘ്നം

(c) വിഗ്നം (d) വിക്നം

**4. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 2 മാർക്കു വീതം ) (9x2=18)**

(a) "കാരണവരേ, കട്ടാൽമതി, ജയിലിലെത്തിച്ചേരാം"

(i) ആരാണ് ഇങ്ങനെ പറയുന്നത്?

(a) അശ്വത്ഥാമാവ് (b) പാറാവുകാരൻ

(c) കുതിരവണ്ടിക്കാർ (d) കൃപർ

(ii) ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഭാവമെന്ത്?

(a) അനുകമ്പ (b) ആദരവ്

(c) വാത്സല്യം (d) പരിഹാസം

(b) (i) 'അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതു പോലെ' വെള്ളായിയപ്പൻ ഇരുന്നത് എവിടെ?

(a) റെയിൽവേ സ്റ്റേഷനിലെ ബഞ്ചിൽ (b) കടൽത്തീരത്ത്

(c) ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ (d) ജയിലിന്റെ പരിസരങ്ങളിൽ

(ii) എന്തിനുവേണ്ടിയാണ് കാത്തിരുന്നത് ?

(a) ട്രെയിൻ വരുന്നതിന് (b) ജയിലിലെ ഉദ്യോഗസ്ഥർ എത്താൻ

(c) മകന്റെ മൃതശരീരം വിട്ടു കിട്ടാൻ (d) തോട്ടികളുടെ സഹായം ലഭിക്കാൻ

(c) 'പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ ധാരയാർന്ന പനിനീർ സുമോപമം'

(i) എന്തിനെയാണ് പനിനീർപുഷ്പത്തോട് താരതമ്യപ്പെടുത്തിയിരിക്കുന്നത്?

(a) ദിവാകരന്റെ വാക്കുകളെ (b) നളിനിയുടെ മുഖത്തെ

(c) ശ്രീരാമന്റെ വാക്കുകളെ (d) പ്രാണിതൻ പ്രിയത്തെ

(ii) 'ഭൂരിബാഷ്പപരിപാടലം' മുഖം ആരാണ് നോക്കുന്നത്?

(a) നളിനി (b) ദിവാകരൻ

(c) സന്യാസിനി (d) ലക്ഷ്മണൻ

(d) "പണ്ട് നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ, സപദി വല്ലിയായി നീ."

(i) 'ഇളംകുരുന്ന്' എന്ന പ്രയോഗം ഏത് ജീവിതാവസ്ഥയെയാണ് കുറിക്കുന്നത്?

(a) വാർദ്ധക്യം (b) യൗവനം

(c) കൗമാരം (d) മരണാനന്തരകാലം

(ii) വല്ലി എന്ന പദത്തിന്റെ അർത്ഥമെന്ത്?

(a) മരം (b) വള്ളി

(c) ശാഖ (d) ഇല

(e) "ദേഹാഭിമാനം നിമിത്തമായുണ്ടായ മോഹേന"

(i) എന്തു ചെയ്യാനാണ് ലക്ഷ്മണൻ ഒരുങ്ങിയത്?

(a) ലോകം ദഹിപ്പിപ്പതിന് (b) മോക്ഷാർത്ഥിയാകുന്നതിന്

(c) ഭോഗങ്ങൾ തേടുന്നതിന് (d) വിദ്യാഭ്യാസമേകാന്ത ചേതസാ ചെയ്യുന്നതിന്

(ii) ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്ക് നൽകുന്നത് ആരാണ്?

(a) അവിദ്യ (b) വിദ്യ

(c) സംസാരനാശിനി (d) ലക്ഷ്മീദേവി

(f) 'ക്രോധം പരിത്യജിക്കേണം ബുധജനം.'

(i) ക്രോധം കൊണ്ട് ഉണ്ടാകുന്ന ദോഷങ്ങളിൽ എഴുത്തച്ഛൻ ഉൾപ്പെടുത്താത്തത് ഏത് ?

(a) ധർമ്മക്ഷയം (b) സംസാരബന്ധനം

(c) മനസ്താപം (d) ആത്മനഷ്ടം

(ii) എഴുത്തച്ഛന്റെ കൃതി ഏത്?

(a) അഭിജ്ഞാന ശാകുന്തളം (b) അധ്യാത്മരാമായണം കിളിപ്പാട്ട്

(c) വിക്രമോർവശീയം (d) നളചരിതം

(g) ''ആ ദുഷ്ടന്മാർ കൊടും ക്രൂരത കാട്ടി എന്റെ അച്ഛനെ വധിച്ചു.''

(i) ആരാണ് ഇങ്ങനെ പറയുന്നത്?

(a) ധൃഷ്ടദ്യുമ്നൻ (b) ലക്ഷ്മണൻ

(c) ദുര്യോധനൻ (d) അശ്വത്ഥാമാവ്

(ii) ദുഷ്ടന്മാർ എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത് ?

(a) കൗരവരെ (b) ഭരതനെയും ശത്രുഘ്നനെയും

(c) പാണ്ഡവരെ (d) യാദവരെ

(h) ''അസ്ത്രം അസ്ത്രം കൊണ്ടടങ്ങട്ടെ എന്ന് മംഗളം സങ്കൽപ്പിച്ച് അതു പ്രയോഗിച്ചു.''

(i) ആരാണ് ഇങ്ങനെ പറഞ്ഞ് അസ്ത്രം പ്രയോഗിച്ചത്?

(a) വ്യാസൻ (b) ശ്രീകൃഷ്ണൻ

(c) അർജുനൻ (d) അശ്വത്ഥാമാവ്

(ii) ഏത് അസ്ത്രത്തെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?

(a) പാശുപതാസ്ത്രം (b) ബ്രഹ്മശിരോസ്ത്രം

(c) നാഗാസ്ത്രം (d) നാരായണാസ്ത്രം

(i) ''നീ മൂവായിരത്താണ്ടു കാലം എങ്ങും ഏതും അറിയപ്പെടാതെ ഈ ഭൂമിയിൽ നടക്കും''

(i) ആരുടെ വാക്കുകളാണിവ?

(a) വ്യാസന്റെ (b) കൃതവർമ്മാവിന്റെ

(c) ശ്രീകൃഷ്ണന്റെ (d) ഭീഷ്മരുടെ

(ii) യുദ്ധത്തിന്റെ പരിണാമം എന്ന പാഠം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

(a) ഭാരതപര്യടനം (b) രാജാങ്കണം

(c) ഹരിനാമകീർത്തനം (d) കല ജീവിതം തന്നെ

(j) ''പാഴുതറയുടെ നെടുവരമ്പ് കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താൽപ്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി.''

(i) എപ്പോഴാണ് വെള്ളായിയപ്പൻ ഇങ്ങനെ ചിന്തിക്കുന്നത്?

(a) കുതിരവണ്ടിക്കാരോട് സംസാരിക്കുമ്പോൾ

(b) ജയിലിന്റെ മുന്നിൽ കാത്തിരിക്കുമ്പോൾ

(c) പാറാവുകാരനോട് സംസാരിക്കുമ്പോൾ

(d) റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുമ്പോൾ

(ii) താഴെ കൊടുത്തിട്ടുള്ളവയിൽ ഒ. വി. വിജയന്റെ കൃതി ഏത്?

(a) കണ്ണീരിന്റെ പുഞ്ചിരി (b) തകർന്ന തലമുറ

(c) അഗ്നിപുഷ്പങ്ങൾ (d) ഖസാക്കിന്റെ ഇതിഹാസം

## ബി വിഭാഗം / SECTION: B

**5 (a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക** **(2x1=2)**

(i) പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

(ii) കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും ഞാൻ ക്ഷത്രിയധർമ്മത്തിൽ നിന്നനങ്ങിയില്ലല്ലോ.

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2x1=2)**

(i) പാറാവുകാരന്റെ മുഖം പെട്ടെന്ന് പൊടുന്നനെ കനിവുറ്റതായി.

(ii) അതിനും പുറമേ ദുര്യോധനൻ തന്റെ വൃദ്ധരായ മാതാപിതാക്കളെ ഓർക്കുന്നതിനു മുമ്പേ തങ്ങളുടെ ഒരേയൊരു ഏക സഹോദരിയായ ദുശ്ശളയെ ചൊല്ലി വ്യസനിക്കുന്നതും നോക്കുക

**(c) പ്രയോഗം മാറ്റുക** **(2x1=2)**

(i) വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു.

(ii) ''പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്.''

**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** **(2x1=2)**

(i) ബലി കഴിക്കുക (ii) അനുമോദിക്കുക (iii) ഏറ്റുവാങ്ങുക

**6 ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** **(5)**

അഴിമതി നിർമ്മാർജ്ജനം

or

മദ്യനിരോധനം

**(b) നിങ്ങളുടെ പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് ഉടൻ പരിഹാരം കണ്ടെത്തണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് തയ്യാറാക്കുക.** **(5)**

**(c) നഗരത്തിൽ ആധുനിക സൗകര്യത്തോടെ പുതുക്കി നിർമ്മിച്ച ജില്ലാ ആശുപത്രിയുടെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. ഈ വിഷയം അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക.** **(4)**

**7. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക ( ഓരോന്നിനും 3 മാർക്ക് വീതം)** **(2x3=6)**

(a) 'സംബോധനകൾക്കിടയിലെ മൗനവും അപൂർണ്ണ വാക്യങ്ങളും കടൽത്തീരത്ത് എന്ന കഥയെ ഭാവസാന്ദ്രവും കാവ്യാത്മകവും ആക്കുന്നു.' ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

(b) 'ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണ്" എന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നത് എങ്ങനെ?

(c) ''അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കൽപ്പിച്ചതിന് അർത്ഥം.'' ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക

**8. തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക (ഓരോന്നിനും 3 മാർക്ക് വീതം) (2x3=6)**

(a) "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ." നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണം എന്ത്?

(b) ''പാന്ഥർ പെരുവഴിയമ്പലം തന്നിലേ താന്തരായ് കൂടി വിയോഗം വരുമ്പോലെ.'' മനുഷ്യജീവിതം അസ്ഥിരവും ക്ഷണികവുമാണെന്ന് ശ്രീരാമൻ സമർത്ഥിക്കുന്നത് എങ്ങനെ?

(c) ക്രോധത്തിന്റെ അന്തരഫലങ്ങൾ എന്തല്ലാമാണെന്നാണ് എഴുത്തച്ഛൻ സൂചിപ്പിക്കുന്നത്?

**9. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക (ഓരോന്നിനും 3 മാർക്കു വീതം) (2x3=6)**

(a) കുഞ്ഞന് ചട്ടമ്പി എന്ന പേര് ലഭിച്ചത് എങ്ങനെ?

(b) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗം അവസാനിപ്പിച്ചത് എന്തുകൊണ്ട്?

(c) കുഞ്ഞൻ സംസ്കൃതം പഠിച്ചത് എങ്ങനെ?

***